വേണ്ടിയുള്ളതാണ്. നബാർഡ് ആർ.ഐ.ഡി.എഫ്. 20-ൽ ഇംപ്രൂവ്മെന്റ് സ് ടു ട്രിബ്യൂട്ടറീസ് ഓഫ് അങ്കമാലി-മാഞ്ഞാലി തോട് (മൂക്കന്നൂർ ആന്റ് കറുകുറ്റിതോട്) എന്ന പേരിൽ 2170 ലക്ഷം രൂപയുടെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട് മൂക്കന്നൂർ, കറുകുറ്റി തോടുകളുടെ ആഴം കൂട്ടലും കയ്യേറ്റം ഒഴിപ്പിക്കലും സൈഡ് പ്രൊട്ടക്ഷനുമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ബഡ്ജറ്റിൽ 802/351 ഇന നമ്പരിൽ അങ്കമാലി- മാഞ്ഞാലി തോടിന്റെ മൂന്നുതോട് മുതൽ വളവഴി കവല വരെയുള്ള ഭാഗത്തിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനായി 2.90 കോടി രൂപയുടെയും 802/353 നമ്പറിൽ അങ്കമാലി-മാഞ്ഞാലി തോടിന്റെ വളവഴി മുതൽ നായത്തോട് തുറവരെയുള്ള ഭാഗത്തിന്റെ പാർശ്വ സംരക്ഷണത്തിനായി 2.80 കോടി രൂപയുടെയും പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ബാധകമല്ല.

നീലേശ്വരം മുനിസിപ്പൽ ബസ്സ്റ്റാൻഡ് നിർമ്മാണത്തിനുള്ള സ്ഥലം

146 (7443) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നീലേശ്വരം മുനിസിപ്പാലിറ്റി ബസ്സ്റ്റാൻഡ് നിർമ്മാണത്തിന് 2 വർഷം മുമ്പ് ഈ സർക്കാർ അനുവദിച്ച സ്ഥലം നാളിതുവരെയായും അളന്നു തിട്ടപ്പെടുത്തി നൽകാൻ കൂട്ടാക്കാത്ത കാർഷിക സർവ്വകലാശാല അധികൃതർക്ക് എതിരെ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മന്ത്രിസഭാ തീരുമാനപ്രകാരം നീലേശ്വരം നഗരസഭയുടെ അടിസ്ഥാന സൗകര്യവികസനത്തിനായാണ് സ്ഥലം അനുവദിച്ചത് എന്നതിനാൽ മന്ത്രിസഭാ തീരുമാനം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ

147 (7444) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ആകെയുള്ള കൃഷി ഓഫീസുകൾ എത്ര ; ഇതിൽ കൃഷി ഓഫീസർ ഇല്ലാത്ത ഓഫീസുകൾ എത്ര ; വിശദാംശം നൽകാമോ ;

(ബി) ഉടുമ്പൻചോലയിൽ ഇപ്പോൾ കൃഷി ഓഫീസറുടെ സേവനം ലഭ്യമാണോ ; ഇല്ലെങ്കിൽ എത്ര കാലമായി പ്രസ്തുത ഓഫീസിൽ കൃഷി ഓഫീസറുടെ സേവനം ലഭ്യമല്ലാതായിട്ട് ; എന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കിവരുന്ന ജനകീയാസൂത്രണം പദ്ധതിയുടെ നടത്തിപ്പിനെ കൃഷി ഓഫീസറുടെ അഭാവം ദോഷകരമായി ബാധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉടുമ്പൻചോലയിൽ അടിയന്തരമായി കൃഷി ഓഫീസറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ജില്ലയിലെ ഒഴിവുള്ള കൃഷി ഓഫീസർമാരുടെ ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ കൃഷി ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1.	പ്രിൻസിപ്പൽ കൃഷി ഓഫീസ്	- 1
2.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആഫീസ്	- 8
3.	ജില്ലാ കൃഷിത്തോട്ടം	- 1
4.	സീഡ് ഫാം	- 1
5.	സംസ്ഥാന പച്ചക്കറിത്തോട്ടം	- 1
6.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്	- 1
7.	സോയിൽ ടെസ്റ്റിംഗ് ലാബ്	- 2
8.	കൃഷിഭവൻ	- 53
	ആകെ	68

കൃഷി ഓഫീസറില്ലാത്ത കൃഷിഭവനുകൾ കൊന്നത്തടി, ഇരട്ടയാർ, നെടുങ്കണ്ടം, വാത്തിക്കുടി, മറയൂർ, കരുണാപുരം, വട്ടവട എന്നിവയാണ്.

(ബി) ഉടുമ്പൻചോല കൃഷിഭവനിൽ ശ്രീമതി ഹേമലതാ ബാലചന്ദ്രനെ നിയമിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ കുട്ടനാട് പാക്കേജിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുകയാണ്.

(സി) ഉടുമ്പൻചോല കൃഷിഭവന്റെ പൂർണ്ണ അധിക ചുമതല രാജകുമാരി കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ഡി) വർക്കിംഗ് അറേഞ്ച്മെന്റ് അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly